പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 955 **14-10-2026-ൽ മറുപടിയ്ക്ക്**

ജൽജീവൻ മിഷൻ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജൽ ജീവൻ മിഷൻ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകി; കണക്ക് ലഭ്യമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനുണ്ട്; എപ്പോൾ പൂർത്തിയാകും; വിശദമാക്കാമോ;

മറുപടി: ജൽ ജീവൻ മിഷൻ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് 16,21,646 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പ്രകാരം ഇനി 31,68,153 ഗ്രാമീണ ഭവനങ്ങളിൽ കൂടി കണക്ഷൻ നൽകാനുണ്ട്. ജൽ ജീവൻ മിഷൻ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 2028 ഡിസംബർ ആണ്. ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവർത്തികൾ 2028 ഡിസംബർ അവസാനത്തോടെ പൂർത്തീകരിച്ചു മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര കുടിവെള്ള പദ്ധതികളാണ് പ്രവർത്തിക്കുന്നത് വിശദമാക്കാമോ; ഇതിൽ പ്രവർത്തിക്കുന്നവ, പ്രവർത്തനരഹിതമായവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലാകെ 891 കുടിവെള്ള പദ്ധതികൾ ആണുള്ളത്. ഇവയിൽ 846 പദ്ധതികൾ പ്രവർത്തനക്ഷമമാണ്.ശേഷിക്കുന്ന 45 പദ്ധതികൾ നിലവിൽ പ്രവർത്തനരഹിതമാണ്.

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ മുഴുവൻ പൂർത്തിയായോ; വിശദമാക്കാമോ; കണക്ഷൻ നൽകിയത് അനുസരിച്ച് എല്ലാവർക്കും കുടിവെള്ളം നൽകാൻ സൗകര്യം പര്യാപ്തമാണോ; വിശദമാക്കാമോ:

മറുപടി: ഷൊർണ്ണൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. ഷൊർണ്ണൂർ മണ്ഡലത്തിൽ നാളിതുവരെ നൽകിയ കണക്ഷനുകളും ഇനി നൽകാനുള്ള കണക്ഷനുകളും സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ചു അനുബന്ധം-2 ആയി

ചേർക്കുന്നു. പുരോഗമിക്കുന്ന പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാവർക്കും ആവശ്യമായ തോതിൽ കുടിവെള്ളം നല്കാൻ സാധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ ജലാശയങ്ങളിലെ മലിനീകരണം തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; ജലമലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും നടപടികൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; കണക്ക് വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്തെ ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി ജനസാന്ദ്രതയേറിയ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകളും ക്യാമറകളും സ്ഥാപിക്കുകയും, ഫണ്ട് ലഭ്യതയ്ക്ക് അനുസൃതമായി പ്രധാന തോടുകളുടെയും കനാലുകളുടെയും തീരങ്ങളിൽ ഫെൻസിംഗ് (വയർ മെഷ് /ബയോ ഫെൻസിംഗ്) സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജലാശയങ്ങളിൽ അനധികൃതമായി മലിനജല പൈപ്പുകൾ ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി വകുപ്പിന്റെ ഫീൽഡ് തല പരിശോധനകൾ നടത്തുന്നുണ്ട്. തോടുകളിലെയും കനാലുകളിലെയും എക്കലും മാലിന്യങ്ങളും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിനായി 'ഓപ്പറേഷൻ വാഹിനി', പ്രീ-മൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നുണ്ട്.

കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം (2003/2018 ഭേദഗതി) ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ നോട്ടീസ് നൽകാനും, 3 വർഷം വരെ തടവോ 2 ലക്ഷം രൂപ വരെ പിഴയോ ഈടാക്കാനുമുള്ള നിയമപരമായ വ്യവസ്ഥകളും ബാധകമാക്കിയിട്ടുണ്ട്. ജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ മലിനീകരണം ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കേരള പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നു.

ജലമലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെയും വ്യക്തികൾക്കെതിരെയും ജലസേചന വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-3 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

കേരള വാട്ടർ അതോറിറ്റി WSP ഡിവിഷൻ, പാലക്കാട് ഷൊർണൂർ നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ

ജൽ ജീവൻ മിഷൻ പ്രവൃത്തികൾ

ക്രമ നമ്പർ	പഞ്ചായത്ത്	പദ്ധതിയുടെ പേര്	ഭരണാനുമതി		പ്രവർത്തിയുടെ പേര്	സാങ്കേതികാനുമതി		നിലവിലെ സ്ഥിതിയും പുരോഗതിയും
			ഉത്തരവ് നമ്പർ &	തുക		ഉത്തരവ് നമ്പർ &	തുക	
1	വാണിയംകുളം	വാണിയംകുളം പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി	G.o(Rt) No.777/2020/WRD dt:24.12.2020	5982	JJM-2020-21-Providing FHTCs in Vaniyamkulam Gramapanchayath (FHTCs 7541 Nos).	TS/2020-21/2020/27806,29.12.2020	2968	വിതരണശൃംഖല 153 കി.മീ ഉള്ളതിൽ - 159.04കി.മീ സ്ഥാപിച്ചു, കുടിവെള്ള കണക്ഷനുകൾ 7541 ഉള്ളതിൽ 5529 എണ്ണം (എഫ്.എച്ച്.ടി.സി) നൽകിയിട്ടുണ്ട്. 2025 ഏപ്രിൽ 24 നു പി.എച്ച്. ഡിവിഷൻ ഷൊർണ്ണൂരിനു പദ്ധതി കൈമാറ്റം ചെയ്തിട്ടുണ്ട്.
2	വാണിയംകുളം		GO(Rt)No.897/2023/WRD,TVM dtd.26.10.2023	1660	Jal Jeevan Mission (JJM)-CWSS TO Vaniyamkulam Gramapanchayath -Additional works - providing distribution system to uncoverd areas and LSGD road restoration works-General Civil Work	WRD/KWA/-CE(NR)/EST_TS/14291/2023_5_1_1 Dtd 13.12.2023	594	ആകെ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു. വിതരണശൃംഖല 49 കി.മീ ഉള്ളതിൽ - 47.53 കി.മീ സ്ഥാപിച്ചു, കുടിവെള്ള കണക്ഷനുകൾ 1100 ഉണ്ടായിരുന്നതെങ്കിലും 980 എണ്ണം (482 എഫ്.എച്ച്.ടി.സികളും 498 എച്ച്.ടി.സികളും) നൽകിയിട്ടുണ്ട്.

3	അനങ്ങാനടി		G.o(Rt) No.777/2020/WRD dt:24.12.2020 & G.o(Rt) No.401/2022/WRD dt:13.05.2022	15918.73 & 2862.58	JJM- 2020-21 – Supplying ,Laying,Testing and commissioning od distribution system and providing FHTCs (3723nos) and road restoration in Ananganady Panchayath	TS/2021-22/2021/44404 DT:25.01.2022 & TS/2022-23/2022/17654 DT:17.05.2022	2407 & 639	ആകെ പ്രവൃത്തി 98 ശതമാനം പൂർത്തീകരിച്ചു. വിതരണശൃംഖല 146.266 കി.മീ ഉള്ളതിൽ - 147.796 കി.മീ സ്ഥാപിച്ചു, കുടിവെള്ള കണക്ഷനുകൾ 3723 ഉണ്ടായിരുന്നതെങ്കിലും 3813 എണ്ണം (167 എഫ്.എച്ച്.ടി.സികളും 3646 എച്ച്.ടി.സികളും) നൽകിയിട്ടുണ്ട്.
4			G.O.(Rt) No: 897/2023/WRD Dt: 26.10.2023	1940	Jal Jeevan Mission (JJM) – WSS to Ananganadi Grama Panchayath – Additional works – Pipe Line Extension to Uncovered areas and LSGD Road Restoration works - Pipe line Work	WRD/KWA-CE(NR)/EST_TS/25907/2023 Dt. 25.11.2023	190	പ്രവൃത്തി 100 ശതമാനം പൂർത്തീകരിച്ചു. വിതരണശൃംഖല 7.5 കി.മീ ഉള്ളതിൽ - 7.3 കി.മീ സ്ഥാപിച്ചു, റോഡ് റെസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചു.
5		അനങ്ങാടി ചളവറ തൃക്കടീരി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി	G.o(Rt) No.777/2020/WRD dt:24.12.2020 & G.o(Rt) No.401/2022/WRD dt:13.05.2022	15918.73 & 2862.58	JJM/State Plan – CWSS to Cherppulassery Muncipality and adjoining Panchayaths – Construction,commissioning and maintenance of 22mld WTP including road formation,Construction of 12LL OHSR for Chalavara,5LL GLSR for Ananganady, 21LL OHSR for Thrikkadeeri and 27LL OHSR for Cherppulassery Muncipality,Intake well cum pump house,RWPM,CWPM,CWGM,distribution lines in Cherppulassery Muncipality , RW and CW Pumpsets, Supply and Erection of 630 KVA & 400 KVA transformers,Supplying and laying MS pipe for crossing by HDD method including road	TS/2022-23/2022/19808 DT:21.06.22	6610	ആകെ പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചു. 22 എംഎൽഡി ജലശുദ്ധീകരണശാല – 96 ശതമാനവും, 21 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി – 100 ശതമാനവും, 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി – 100 ശതമാനവും 5 ലക്ഷം ലിറ്റർ ഭൂതല ജലസംഭരണി – 100 ശതമാനവും 9 മീറ്റർ വ്യാസമുള്ള കിണർ – 100 ശതമാനവും റോ വാട്ടർ പമ്പിംഗ് മെയിൻ - 3.60 കി.മീ ഉള്ളതിൽ 3.63 കി.മീ സ്ഥാപിച്ചു ,ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 17.78 കി.മീ ഉള്ളതിൽ - 16.8 കി.മീ സ്ഥാപിച്ചു, റോ വാട്ടർ പമ്പ് സെറ്റുകൾ - 3 എണ്ണം , ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ - 3 എണ്ണം എന്നിവ സ്ഥാപിച്ചു.

6	ചളവറ		G.o(Rt) No.777/2020/WRD dt:24.12.2020 & G.o(Rt) No.401/2022/WRD dt:13.05.2022	15918.73 & 2862.58	JJM – 2021-22 – Supplying ,Laying,Testing and commissioning of distribution system and providing FHTCs (5412nos) and road restoration in Chalavara Panchayath	TS/2021-22/2021/44403 DT:25.01.2022 & TS/2022-23/2022/17630 DT:17.05.2022	3153 & 862	ആകെ പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചു. ഇവയിൽ വിതരണശൃംഖല 190.905 കി.മീ ഉള്ളതിൽ - 154.70 കി.മീ സ്ഥാപിച്ചു, കുടിവെള്ള കണക്ഷനുകൾ 5412 ഉള്ളതിൽ 4679 എണ്ണം (എച്ച്.ടി.സി) നൽകിയിട്ടുണ്ട്.
7			G.O.(Rt) No: 897/2023/WRD Dt: 26.10.2023	1940	Jal Jeevan Mission (JJM)-WSS TO CHALAVARA GRAMA PANCHAYATH-Additional work-Providing Distribution and uncovered areas and LSGD Road Restoration works.-Pipeline Work	WRD/KWA-CE(NR)/EST_TS/25900/2023 Dt. 17.11.2023	194.3	പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു. വിതരണശൃംഖല 11 കി.മീ ഉള്ളതിൽ 11 കി.മീ സ്ഥാപിച്ചു, റോഡ് റെസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചു.
8	തൃക്കടീരി		G.o(Rt) No.777/2020/WRD dt:24.12.2020 & G.o(Rt) No.401/2022/WRD dt:13.05.2022	15918.73 & 2862.58	Jal Jeevan Mission – 2020-21 –Supplying,Laying,Testing and commissioning of distribution system and providing FHTCs 6229 Nos and road restoration in Thrikkadeeri Panchayath	TS/2021-22/2021/44402 DT:25.01.2022 & TS/2022-23/2022/17596 DT:17.05.2022	2685 & 697	ആകെ പ്രവൃത്തി 80 ശതമാനം പൂർത്തീകരിച്ചു. ഇവയിൽ വിതരണശൃംഖല 140.24 കി.മീ ഉള്ളതിൽ - 141.054 കി.മീ സ്ഥാപിച്ചു, കുടിവെള്ള കണക്ഷനുകൾ 6229 ഉള്ളതിൽ 3994 എണ്ണം (68 എഫ്.എച്ച്.ടി.സികളും 3926 എച്ച്.ടി.സികളും) നൽകിയിട്ടുണ്ട്.
9			G.O.(Rt) No: 897/2023/WRD Dt: 26.10.2023	1940	Jal Jeevan Mission (JJM) - WSS to THRIKKADEERI GP – Additional work – Providing Distribution and uncovered areas and LSGD Road restoration work – Pipeline work	WRD/KWA-CE(NR)/EST_TS/25916/2023 Dt. 24.11.2023	90.8	പ്രവൃത്തി 100 ശതമാനം പൂർത്തീകരിച്ചു. വിതരണശൃംഖല 5 കി.മീ ഉള്ളതിൽ - 5 കി.മീ സ്ഥാപിച്ചു, റോഡ് റെസ്റ്റോറേഷൻ പ്രവർത്തി പൂർത്തീകരിച്ചു.

10	നെല്ലായ		G.O.(Rt) No: 134/2022/WRD Dt: 23.02.2022	760	JalJeevan Mission 2021-22-Providing FHTCs (230nos), laying distribution lines, Construction of 8 LL OHSR, Supply, erection and commissioning of motor pump sets in Nellaya GramaPanchayath Phase III.	TS/2022-23/2021/26557,02.06.2022	714	നെല്ലായ പഞ്ചായത്തിൽ ഈ പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.
11	നെല്ലായ		G.O.(Rt) No: 489/2021/WRD Dt: 18.09.2021	965	JalJeevan Mission (JJM)-Nellaya-Mavundirikkadavu PWD road Restoration –Nellaya JJM - PWD road restoration at Nellayapanchayath-Pipeline Work	TS/10535/2023_26_1_1 dtd 26.11.2023	29.502	

അനുബന്ധം-2

നിയമസഭാ മണ്ഡലം	പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഇനി നൽകാനുള്ള കണക്ഷൻ	ഭരണാനുമതി നൽകിയ കണക്ഷൻ	ഭരണാനുമതി തുക (ലക്ഷം)
Shoranur	Ananganadi	5173	1044	1765	2809	2364	4223	5942.17
	Chalavara	5412	1150	0	1150	4262	5412	8095.67
	Nellaya	8335	1126	6411	7537	798	7439	2348.00
	Trikkaderery	6229	132	1	133	6096	6229	6793.14
	Vaniyamkulam	7762	224	3052	3276	4486	7541	4767.00
	Vellinezhi	5041	2465	2468	4933	108	2576	997.37
Total		**37952**	**6141**	**13697**	**19838**	**18114**	**33420**	**28943.35**

അനുബന്ധം – 3

1. ചൈത്രവാഹിനി പുഴയിലേക്ക് മലിനജലം ഒഴുക്കിയ കാസർഗോഡ് ലാറ്റക്സ് ഫാക്ടറിക്ക് എതിരെ നിർദ്ദേശം നൽകുകയും, ഫാക്ടറി മലിനജലം ഒഴുക്കുന്നത് നിർത്തിയതായി രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

2. തിരൂർ പുഴ മാലിന്യമുക്തമാക്കാൻ ആക്ഷൻ പ്ലാൻ രൂപീകരിച്ച് കനാൽ സംരക്ഷണവും സ്റ്റീൽ ഗ്രേറ്റിങ്ങും സ്ഥാപിച്ചു.

3. പെരിഞ്ചീരിപ്പാടം – ചാണത്തോടിലെ മാലിന്യ നിക്ഷേപ പൈപ്പ് അടച്ചു.

4.പെരിന്തൽമണ്ണ നഗരത്തിലെ ചെറുപുഴയിലേക്ക്, മാലിന്യമൊഴുക്കിയ സ്ഥാപനത്തിന് താക്കീതും നോട്ടീസും നൽകിയിട്ടുണ്ട്.

5.തിരൂർ–പൊന്നാനി പുഴകളിലെ മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ പോലീസ് സ്റ്റേഷനിൽ പരാതികൾ നൽകിയിട്ടുണ്ട്.

6.ചെറുപ്പുഴയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് അങ്ങാടിപ്പുറം പഞ്ചായത്തിന്റെ അപേക്ഷ അംഗീകരിച്ചിട്ടുണ്ട്.

7. കോഴിക്കോട് കോർപ്പറേഷന്റെ നഗരസഞ്ചയ ഫണ്ട് ഉപയോഗിച്ച് കല്ലായി പുഴയുടെ desiltation പ്രവൃത്തി പുരോഗമിക്കുന്നു.

8. കല്ലായി പുഴ, ഇ.കെ കനാൽ, കുറ്റ്യാടി പുഴ (ഗ്രളികപുഴ പാലം) എന്നിവിടങ്ങളിൽ മാലിന്യ നിക്ഷേപം തടയാൻ GI ഫെൻസിംഗ് സ്ഥാപിച്ചു.

9. രാമപുരം പുഴയുടെ പുനരുജ്ജീവനുമായി ബന്ധപ്പെട്ട് രാമപുരം പാലത്തിന് ഇരുവശത്തും ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

10. പാതാളം റെഗുലേറ്ററിനു മുകൾഭാഗത്ത് പെരിയാറിലേക്കുള്ള മലിനീകരണം തടയാൻ NGT നിർദ്ദേശപ്രകാരം ഡൈക്ക് വാൾ/നിരീക്ഷണപാത നിർമ്മിക്കുന്ന പദ്ധതിയുടെ സർവേയും രൂപരേഖയും പൂർത്തിയായി വരുന്നു.

11. കോഴഞ്ചേരി പഞ്ചായത്തിലെ കണിയാൻചാൽ പൊങ്ങനാം തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് NGT നിർദ്ദേശപ്രകാരം തയ്യാറാക്കുകയും ആയതിനു അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. പെരുവമ്പ പുഴ desiltation (6.21 ലക്ഷം രൂപ), നാരങ്ങാതോട് desiltation (8.68 ലക്ഷം രൂപ) പ്രൊപ്പോസലുകൾ NGT പ്രകാരം തയ്യാറാക്കുകയും ആയതിനു അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13. പത്തനംതിട്ട ജില്ലയിൽ 04.09.2023-ൽ മാരാമൺ സെക്ഷനിൽ ലഭിച്ച പരാതിയെ തുടർന്ന് ജലാശയം മലിനമാക്കിയ വ്യക്തിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

14. പത്തനംതിട്ട ജില്ലയിൽ 27.01.2025-ൽ വാഴമുട്ടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം കനാലിലേക്ക് ജലം ഒഴുക്കിയ സമീപവാസിയായ വ്യക്തിക്ക് നോട്ടീസ് നൽകുകയും ഗാർഹിക പ്രവൃത്തി നിർത്തിവെയ്ക്കുകയും ചെയ്തു.